**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2721** **06-10-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ കെ. എസ്. ഇ. ബി.യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ കുറ്റ്യാടി ബൈപാസ്, വടകര വില്യാപ്പള്ളി ചേലക്കാട് റോഡ്, കുറ്റ്യാടി വലകെട്ട് കൈപ്രം കടവ് റോഡ് എന്നീ പ്രവൃത്തികളുടെ ഭാഗമായുള്ള കെ. എസ്. ഇ. ബി.യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ പ്രവൃത്തിയുടെ ഭാഗമായുള്ള വില്യാപ്പള്ളി -തണ്ണീർപന്തൽ - അക്ലോത്ത് നട വില്യാപ്പള്ളി റോഡിലെ കെ.എസ്.ഇ.ബി-യുടെ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിന് കെആർഎഫ് ബി ആവശ്യപ്പെട്ട പ്രകാരം 1,39,40,714/- രൂപയുടെയു 1,87,42,858/- രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. കൂടാതെ ഇതിന്റെ ഭാഗമായി കല്ലാച്ചി മാർക്കറ്റിന് സമീപമുള്ള പെട്രോൾ പമ്പ് മുതൽ ചേലക്കാട് വരെയുള്ള വർക്കിന് 29,73,760/- രൂപയുടെ എസ്റ്റിമേറ്റ ചേലക്കാട് മുതൽ തണ്ണീർപന്തലിൽ വരെയുള്ള വർക്കിന് 96,08,951/- രൂപയുടെ എസ്റ്റിമേറ്റ നൽകിയിട്ടുണ്ട്. പണം അടയ്ക്കുന്ന മുറയ്ക്ക് വർക്ക തുടങ്ങാനാവു ന്നതാണ്. കുറ്റ്യാടി ബൈപ്പാസ പ്രവൃത്തി യുടെ ഭാഗമായി 19,50,000/- രൂപയുടെ എസ്റ്റിമേറ്റ് ആർബിഡിസിക്ക നൽകിയി ട്ടുണ്ട്. പണം അടയ്ക്കുന്ന മുറയ്ക്ക് വർക്ക തുടങ്ങാൻ ഉള്ള നടപടികൾ എടുക്കുന്നതാണ് കുറ്റ്യാടി വലകെട്ട് കൈപ്രം കടവ് റോഡ എന്നീ പ്രവൃത്തികളുടെ ഭാഗമായുള്ള കെ.എസ്.ഇ.ബി-യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ പ്രവൃത്തികൾക്കായി 23,98,594/- രൂ അടച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ 8( ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ വളയത്തൂർ - പഴശ്ശി നഗർ ഭാഗത്ത് റോഡിന്റെ വർക്ക് പുരോഗമിക്കുന്നതിനനുസരിച്ച കെഎസ്ഇബിയുടെ വർക്കും പൂർത്തീകരിച്ച വരുന്നു. |
| (ബി) | പ്രസ്തുത റോഡ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കെ. എസ്. ഇ. ബി.യുടെ | (ബി) | നിലവിൽ റോഡിന്റെ വർക്ക് പുരോഗമിക്കുന്നതിനനുസരിച്ച് കെ.എസ്.ഇ.ബി-യുടെ |

| | | | |
|---|---|---|---|
| | യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | | വർക്കും പൂർത്തീകരിച്ചു വരുന്നുണ്ട്. എസ്റ്റിമേറ്റ് തുക ലഭിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള വർക്കുകൾ വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ